# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4485 17.12.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. മാത്യു ടി തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. | സ്വകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന കുടിവെള്ളം മലിനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ & ബി | സംസ്ഥാനത്ത് വിൽക്കുന്ന കുപ്പിവെള്ളം നിശ്ചിത ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുള്ളതും നിശ്ചിത നിലവാരമില്ലാത്തതോ അൺസെയ്ഫ് ആയോ കണ്ടെത്തുന്ന ഉൽപ്പന്നത്തിന്റെ ഉൽപ്പാദന വിതരണ വിൽപ്പന കേന്ദ്രങ്ങൾക്കെതിരെ 2006ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. |
| ബി. | എങ്കിൽ ആയതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| സി. | ജല അതോറിറ്റിയുടെ ലബോറട്ടറിയിൽ സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളംപരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; | സി | ഉണ്ട്. സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വിതരണം നടത്തുന്നതിന് മുന്നോടിയായി കുടിവെള്ള സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ലാബുകളിൽ നൽകാറുണ്ട്. |
| ഡി. | ഉണ്ടെങ്കിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ ഏതെല്ലാം സ്ഥാപനങ്ങൾ വിതരണം ചെയ്ത കുടിവെള്ളം പരിശോധിച്ചു ; അവയുടെ ഗുണനിലവാരം എപ്രകാരമായിരുന്നു; വിശദമാക്കുമോ; | ഡി | വിശദവിവരം അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. |
| ഇ | ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം കണ്ടെത്തിയെങ്കിൽ അവ വിതരണം ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ഇ | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഗുണനിലവാരമില്ലാത്ത കുപ്പിവെള്ളത്തിന്റെ 54 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ സംസ്ഥാനത്ത് 3 സാമ്പിളുകൾ അൺസെയ്ഫ് ആയും കുപ്പിവെള്ളത്തിന്റെ ഒരു സാമ്പിൾ നിശ്ചിത |

നിലവാരമില്ലാത്തതും Misbranded ആയും കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ 2006 ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം വിതരണം ചെയ്തു എന്ന എറണാകുളം ജില്ലാ ഹെൽത്ത് ഓഫീസർ ശ്രീ.ശ്രീനിവാസന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം.നം.673/14 U/s 269, 273 IPC പ്രകാരം 14.05.2014 തീയതിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിൽ 5 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും 16.06.2014-ൽ ബഹു.കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

എഫ് സംസ്ഥാനത്ത് കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

എഫ് സംസ്ഥാനത്ത് കുപ്പിയിലടച്ച കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി ബാധകമാക്കിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാന ഭൂജല അതോറിറ്റിയ്ക്ക് നൽകുകയും സംസ്ഥാന ഭൂജല അതോറിറ്റി അനുയോജ്യമായ തീരുമാനം എടുക്കുകയും ചെയ്യുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ഭൂജല ബോർഡ്, വ്യവസായ വകുപ്പ് പ്രതിനിധി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ ഈ കമ്മിറ്റികളിൽ അംഗങ്ങൾ ആണ്. ആയതിനാൽ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നു. അമിത ജല ചൂഷണം ഒഴിവാക്കിയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയും പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചാണ് ഇത്തരം എൻ.ഒ.സി നൽകുന്നത്.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലൈസൻസ്/ രജിസ്ട്രേഷൻ ഉള്ളതും BIS Certificate ഉള്ള

| | | |
|---|---|---|
| | | സ്ഥാപനങ്ങൾക്ക് മാത്രമേ കുപ്പിയിലാക്കി കുടിവെള്ളം വിതരണം നടത്തുവാൻ സംസ്ഥാനത്ത് അനുമതി നൽകുകയുള്ളൂ. 2011-ലെ Food Safety & Standards (Food Products Standards & Food Additives) Regulation-ലെ 2.10.8-ൽ ആയത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. വാഹനത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ 11.01.2013-ലെ എ-1/13/ സി.എഫ്.എസ് എന്ന ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം II ആയി ചേർത്തിരിക്കുന്നു) |
| ജി | കുപ്പിയിലടച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം വിശദമാക്കുമോ? | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലൈസൻസ്/ രജിസ്ട്രേഷൻ ഉള്ളതും BIS Certificate ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമേ കുപ്പിയിലാക്കി കുടിവെള്ളം വിതരണം നടത്തുവാൻ സംസ്ഥാനത്ത് അനുമതി നൽകുകയുള്ളൂ. 2011-ലെ Food Safety & Standards (Food Products Standards & Food Additives) Regulation-ലെ 2.10.8-ൽ ആയത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട് (അനുബന്ധം III ആയി ചേർത്തിരിക്കുന്നു). |

സെക്ഷൻ ഓഫീസർ